**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ: ശ്രീമതി. ഇന്ദു വിജയനാഥ്)*

വിഷയം – തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ കാര്യാലയം, ആലപ്പുഴ – കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്– കഞ്ഞിക്കുഴി വില്ലേജ്– **പെട്രോൾ പമ്പ്** നിർമ്മാണം– ലേ ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് എന്നിവയുടെ അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം – ശ്രീ. ടി. രാധാകൃഷ്ണൻ, തറേപറമ്പിൽ, കടക്കരപ്പള്ളി പി ഒ, ചേർത്തല, ആലപ്പുഴ എന്നയാളുടെ 25.08.2021 തീയതിയിലെ പുതുക്കി സമർപ്പിച്ച അപേക്ഷയും, പ്ലാനുകളും.

**ഉത്തരവ് നമ്പർ TCPALP/1819/2021-C / കെ.ഡിസ് തീയതി : 06/09/2021**

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കഞ്ഞിക്കുഴി വില്ലേജിൽ വാർഡ് നമ്പർ 14, ബ്ലോക്ക് നമ്പർ 32, റീസർവ്വേ നമ്പർ 39/1-5,39/1-5-2 ,39/1-3 ,39/1-4 , 24/1 ,39/1-2 ,39/1-4-2 , 24/1-3 എന്നിവയിൽപ്പെട്ട **1843** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വസ്തുവിൽ സെയിൽസ് ബിൽഡിംഗ് 34.98 ചതുരശ്ര മീറ്റർ, കനോപ്പി 300.00 ചതുരശ്ര മീറ്റർ, ടോയ്ലെറ്റ് ബ്ലോക്ക് 9.20 ചതുരശ്ര മീറ്റർ എന്നിവ ഉൾപ്പെടെ ആകെ **344.18** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അപായ സാധ്യത വിനിയോഗ ഗണം **(I)**–ൽപ്പെടുന്ന **പെട്രോൾ പമ്പ്** നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി പരാമർശിത കത്ത് മുഖേന ലഭ്യമാക്കിയ **ശ്രീ. ടി. രാധാകൃഷ്ണൻ, തറേപറമ്പിൽ, കടക്കരപ്പള്ളി പി ഒ, ചേർത്തല, ആലപ്പുഴ** എന്നയാളുടെ അപേക്ഷയും, പ്ലാനുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ.-2019 ചട്ടം (5)(6)(1)എ & ബി, ചട്ടം 30 എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി **ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും (യൂസേജ് ഓഫ് പ്ലോട്ട്)** അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ കെ.പി.ബി.ആർ.-2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
5. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.

6. കെ.പി.ബി.ആർ.–2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. കെ.പി.ബി.ആർ.–2019 ചട്ടം 5(4) ക്രമ നമ്പർ (6) പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരം വാങ്ങിയിരിയ്ക്കണം.
8. കെ.പി.ബി.ആർ.–2019 ചട്ടം 5(4) ക്രമ നമ്പർ (10) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം.
9. കെ.പി.ബി.ആർ.–2019 ചട്ടം 5(4) ക്രമ നമ്പർ (12) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിയ്ക്കണം.
10. കെ.പി.ബി.ആർ.–2019 ചട്ടം (34) പ്രകാരം ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
11. കെ.പി.ബി.ആർ.–2019 ചട്ടം 47(1) പ്രകാരം ഫ്യുവൽ ടാങ്ക്, വെന്റ് പൈപ്പ് തുടങ്ങിയവയുടെ ലൊക്കേഷൻ, നിർമ്മാണം എന്നിവ 2002 ലെ പെട്രോളിയം ആക്ടിൽ അനുശാസിക്കുന്ന രീതിയിലാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണം.
12. കെ.പി.ബി.ആർ.–2019 ചട്ടം 79(6) പ്രകാരം പ്രസ്തുത പ്ലോട്ടിൽ ദ്രവ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്നും പാഴ്ജലം പുനർചംക്രമണം ചെയ്യുന്നതിനും പുനരുപയോഗിക്കുന്നതിനുമുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
13. കെ.പി.ബി.ആർ. നിയമ ഭേദഗതി 2020 ചട്ടം 79A പ്രകാരം നിലവിലുള്ള, പൊളിച്ചു നീക്കേണ്ടതായ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ Construction and Demolition Waste Management Rules 2016 പ്രകാരം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
14. പ്രസ്തുത നിർമ്മാണം കെ.പി.ബി.ആർ.–2019 (നിയമ ഭേദഗതി 2020, 2021) ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

**അംഗീകരിച്ച ലേ–ഔട്ട് നമ്പർ – എൽ.എ 17/2021**

Signature Not Verified
Digitally signed by Indu Vijayanath
Date: 2021.09.06 15:59:52 IST
Reason: Approved

**ഇന്ദു വിജയനാഥ്**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

**സെക്രട്ടറി,**
**കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്.** (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ്: –

1. ശ്രീ. ടി. രാധാകൃഷ്ണൻ, തറേപറമ്പിൽ,
   കടക്കരപ്പള്ളി പി ഒ, ചേർത്തല, ആലപ്പുഴ.

2. ഓഫീസ് കോപ്പി
3. കരുതൽ ഫയൽ.